(സി) പി.ഡബ്ല്യു.ഡി. ഏറെറടുത്ത ഈ റോഡുകളുടെ വികസനത്തിന് എന്തെങ്കിലും തുക സർക്കാർ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 16 റോഡുകൾ

(ബി) റോഡുകളുടെ പേരും അവയുടെ നീളവും ചുവടെ ചേർക്കുന്നു:

1.	ട്രാൻസ്ഫാർമർ നമ്പിതാൻ കുന്ന് റോഡ്	..	2 കി.മീ.
2.	കല്ലാച്ചിവന്നിയോട് റോഡ്	..	0.95 കി.മീ.
3.	അമ്പലക്കുളങ്ങര വട്ടക്കണ്ടിപ്പാറ റോഡ്	..	4.25 കി.മീ.
4.	ചാത്തൻകോട് നടമിറമ്പത്ത് മുക്ക്-പശുക്കടവ് റോഡ്	..	11.15 കി.മീ.
5.	മെഗേരി കായക്കൊടി പാലൊളിതൊട്ടിൽ പാലം റോഡ്	..	10.9 കി.മീ.
6.	ഭൂമി വതുക്കൽ പാക്കൊയിൽ റോഡ്	..	2.05 കി.മീ.
7.	പായംതൊണ്ട് ചിയ്യൂർ നരിപ്പറ റോഡ്	..	3 കി.മീ.
8.	വട്ടോളി പാതിരപ്പറ റോഡ്	..	4.25 കി.മീ.
9.	വലങ്ങാട് പാനോം റോഡ്	..	4 കി.മീ.
10.	നാദിപുരം പുലരക്കുൽകമ്മംക്കോട് റോഡ്	..	2 കി.മീ.
11.	കല്ലാച്ചി ഔൺവില്യാപ്പള്ളി റോഡ്	..	3 കി.മീ.
12.	ഭൂമി വതുക്കൽ വളയം റോഡ്	..	4.5 കി.മീ.
13.	ഇണ്ടണ്ണൂർ കല്ലാച്ചേരി കടവത്തൂർ റോഡ്	..	5 കി.മീ.
14.	കക്കംവെള്ളിമാലോംചാൽ റോഡ്	..	3 കി.മീ.
15.	വെള്ളാങ്ങാടിമുക്ക് അവോലം റോഡ്	..	3.5 കി.മീ.
16.	ചെക്യാട്നരിക്കാട്ടേരി പെരുമുണ്ടശ്ശേരി റോഡ്	..	3 കി.മീ.

(സി) പ്രസ്തുത റോഡുകളുടെ വികസനത്തിനായി ബഡ്ജറിൽ തുക വകകൊള്ളിച്ചിട്ടില്ല.

പുനലൂർ-മൂവാറ്റുപുഴ റോഡ് വികസനം

21 [2318] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡ് വികസനത്തിനായി എത്ര രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിനുള്ള തുക ഏത് ഏജൻസിയാണ് നൽകുന്നത്;

(ബി) പ്രസ്തുത റോഡ് വികസിപ്പിക്കേണ്ടതായതിനാൽ ഈ റോഡിൽ ഇപ്പോൾ റീ-ടാറിംഗ് നടത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റീ-ടാറിംഗോ സമയത്തുള്ള മെയിൻറനൻസോ ഇല്ലാത്തതുമൂലം കാലവർഷം തുടങ്ങിയതോടെ ഈ റോഡിലൂടെയുള്ള യാത്ര ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേന്നി പി.ഡബ്ല്യു.ഡി. സബ് ഡിവിഷനുകീഴിൽ വരുന്ന പി. എം. റോഡിന്റെ ഭാഗങ്ങളിൽ അടിയന്തിര മെയിൻറനൻസ് നടത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എമർജൻസി ടാർ ഉപയോഗിച്ച് ഈ റോഡുകളുടെ അറ്റകുറ്റ പണി അടിയന്തിരമായി നടത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 238 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ ഭാഗമായി മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള 17 കി. മീറ്റർ കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പണികൾ നടന്നുവരുന്നു. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ് (131 കി.മീറ്റർ) കെ.എസ്.ടി.പി. രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ധനസഹായം നൽകുന്നത് ലോക ബാങ്കാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) എമർജൻസി ടാറിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണി അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി എടുക്കുന്നതാണ്.

ചേലക്കര നിയോജകമണ്ഡലത്തിലെ മരാമത്ത് പണികൾ

22 [2319] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്നതും പൂർത്തിയാക്കപ്പെടാത്തതുമായ മരാമത്ത് പണികളുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഇവ എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പണികൾ പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഈ വർഷം തന്നെ ഇവ പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. (കി.മീ. 0/000 മുതൽ 22/642 വരെ)

2. ചേലക്കര-എളനാട് റോഡിന്റെ ബാക്കി പണിയും വീതി കൂട്ടലും പുരോഗമിക്കുന്നു.

(ബി) ഇവ യഥാക്രമം 9-5-2005-നും 1-4-2005-നും ആരംഭിച്ചു. ബില്ല് പേമെന്റ് ആയിട്ടില്ല.

(സി) കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly